പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3313 19.06.2019 -ലെ മറുപടിയ്ക്ക്

## എയ്ഡഡ് അൺഎയ്ഡഡ് കോളേജുകൾ

*ചോദ്യം* *ഉത്തരം*

ശ്രീ.വി.എസ്.ശിവകുമാർ

**ഡോ. കെ.ടി.ജലീൽ**
**(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ എത്ര കോളേജുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; കോളേജുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ; നിലവിൽ എയ്ഡഡ് പദവി നൽകാൻ തീരുമാനിച്ച കോളേജുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | 1. ശ്രീ.ശബരീശ ആർട്സ് & സയൻസ് കോളേജ്, മുരുക്കുംവയൽ, കോട്ടയം<br>2. ശ്രീ.സത്യസായി ആർട്സ് & സയൻസ് കോളേജ്, തോന്നയ്ക്കൽ, തിരുവനന്തപുരം<br>3. ശ്രീ ശങ്കര കോളേജ്, നഗരൂർ, തിരുവനന്തപുരം<br>4. ബിഷപ്പ് യേശുദാസൻ സി.എസ്.ഐ.ആർട്സ് & സയൻസ് കോളേജ്, മുളയറ, തിരുവനന്തപുരം<br>5. ബജാ മോഡൽ ആർട്സ് & സയൻസ് കോളേജ്, കാസർഗോഡ്<br>6. സാന്തോം മലങ്കര ആർട്സ് & സയൻസ് കോളേജ്. ഇടഞ്ഞി, പാറശ്ശാല.<br>ആവശ്യകത മുൻനിർത്തി സർക്കാർ നയപരമായ തീരുമാനമെടുത്താണ് എയ്ഡഡ് പദവി അനുവദിക്കുന്നത്.<br>നിലവിൽ പുതിയ കോളേജുകൾക്ക് എയ്ഡഡ് പദവി നൽകാൻ തീരുമാനിച്ചിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ അൺഎയ്ഡഡ് ഡിഗ്രി കോളേജുകളിൽ ക്ലാസ്സെടുക്കുന്നതിനുള്ള അധ്യാപകരുടെ യോഗ്യത വ്യക്തമാക്കുമോ; ഈ യോഗ്യതയിൽ നിലവിൽ ഏതെങ്കിലും കോളേജുകൾക്ക് ഇളവുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | (ബി) | കേരള സർവ്വകലാശാല ചട്ടങ്ങൾ പ്രകാരം അൺഎയ്ഡഡ് കോളേജുകളിലെ അധ്യാപകർക്ക് എയ്ഡഡ് കോളേജ് അധ്യാപകർക്ക് നിഷ്കർഷിക്കുന്ന യു.ജി.സി.നെറ്റ് യോഗ്യത ഒഴികെ മറ്റ് യോഗ്യതകളെല്ലാം ബാധകമാണ്. മറ്റ് സർവ്വകലാശാലകൾ യു.ജി.സി പ്രകാരമുള്ള യോഗ്യത വേണ്ടതാണെന്ന് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത യോഗ്യതയുള്ളവരുടെ അഭാവത്തിൽ 55% മാർക്കോടെ ബിരുദാനന്തര ബിരുദമുള്ളവരെയും പരിഗണിയ്ക്കാവുന്നതാണെന്നും, വർഷങ്ങളായി ജോലിചെയ്തുവരുന്നവർക്ക് നിശ്ചിത യോഗ്യത നേടുന്നതിന് അവസരവും സർവ്വകലാശാലകൾ നൽകിയിട്ടുണ്ട്. |

....................2

<table>
<tr><td>(സി)</td><td>നിലവിൽ അൺഎയ്ഡഡ് ഡിഗ്രി കോളേജുകളിൽ നിശ്ചിത യോഗ്യതയില്ലാത്ത അധ്യാപകർ ക്ലാസ്സെടുക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;</td><td rowspan="2">(സി)<br>&<br>(ഡി)</td><td rowspan="2">ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ലഭിച്ച 2 പരാതികൾ അന്വേഷിക്കുന്നതിന് സിൻഡിക്കേറ്റ് അംഗം ഉൾപ്പെട്ട കമ്മീഷനെ അന്വേഷണ സമിതി ആയി നിയമിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ ലഭിച്ച പരാതി സിൻഡിക്കേറ്റ് ഉപസമിതി അന്വേഷിച്ചുവരുന്നു. കണ്ണൂർ സർവ്വകലാശാലയിൽ ലഭിച്ച പരാതിയിന്മേൽ സർവ്വകലാശാല തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.<br>യോഗ്യതയില്ലാത്തവരെ കണ്ടെത്താൻ സർവ്വകലാശാല വൈസ് ചാൻസലർമാരോട് പരിശോധന നടത്താൻ ആവശ്യപ്പെടുന്ന വിഷയം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.</td></tr>
<tr><td>(ഡി)</td><td>ഇത് സംബന്ധിച്ച് ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br>യോഗ്യതയില്ലാത്തവരെ കണ്ടെത്താൻ സർവ്വകലാശാല വൈസ് ചാൻസലർമാരോട് പരിശോധന നടത്താൻ ആവശ്യപ്പെടുമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ